# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/254/2017 2017 ഡിസംബർ 1

## പത്രക്കുറിപ്പ്

### വിദ്യാർത്ഥി അദാലത്ത് ഡിസംബർ 8ന്

വിദ്യാർത്ഥികളുടെ പരാതികൾ ഉടൻ പരിഹരിക്കുന്നതിനായി ഡിസംബർ 4, 6, 8 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന വിവിധ കോഴ്സുകളുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ പരാതി പരിഹാര അദാലത്ത് ഡിസംബർ 8ന് സംയുക്തമായി നടത്തും. വിദ്യാർത്ഥികളുടെ പരാതികൾ അദാലത്തിന് മുൻപേ തന്നെ പരിഹരിക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചിരിക്കുന്നതിനാൽ അറിയിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികൾ മാത്രം അദാലത്തിൽ നേരിട്ട് ഹാജരായാൽ മതിയാകും. പൊതുപരാതികളിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ പത്രക്കുറിപ്പിലൂടെ അറിയിക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 7034098872.

### അപേക്ഷാ തീയതി

2018 ജനുവരിയിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. യു.ജി. (പുതിയ സ്കീം റഗുലർ - 2017 അഡ്മിഷൻ, 2013 മുതൽ 2016 വരെ അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ 11 വരെയും 50 രൂപ പിഴയോടെ 12 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 18 വരെയും സ്വീകരിക്കും. സി.വി. ക്യാമ്പ് ഫീസായി 100 രൂപയും മാർക്ക്ലിസ്റ്റിന് 25 രൂപയും ആപ്ലിക്കേഷൻ ഫോറത്തിന്റെ വിലയായി 20 രൂപയും പരീക്ഷാഫീസിന് പുറമെ ഓൺലൈനായി അടയ്ക്കണം. അപേക്ഷകൾ കോളേജുകളിൽ നിന്നും ഓൺലൈനായി നിശ്ചിത തീയതികൾക്കുള്ളിൽ സമർപ്പിക്കണം. പരീക്ഷാ തീയതിയും വിശദമായ ടൈംടേബിളും പിന്നീട് പ്രസിദ്ധപ്പെടുത്തും.

അഫിലിയേറ്റഡ് കോളേജുകളിലെയും സി.പി.എ.എസിന് കീഴിലുള്ള സ്ഥാപനങ്ങളിലെയും മൂന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2016 അഡ്മിഷൻ റഗുലർ/2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾ ഡിസംബർ 21ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 6 വരെയും 50 രൂപ പിഴയോടെ 8 വരെയും 500 രൂപ സൂപ്പർഫൈനോടെ 11 വരെയും സ്വീകരിക്കും. സി.വി. ക്യാമ്പ് ഫീസായി 100 രൂപ പരീക്ഷാഫീസിനൊപ്പം അടയ്ക്കണം.

### പുതുക്കിയ പരീക്ഷാതീയതി

ഡിസംബർ 1ന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ ഏഴാം സെമസ്റ്റർ ബി.ടെക് (പുതിയതും പഴയതും സ്കീമുകൾ) ഡിഗ്രി പരീക്ഷകൾ ഡിസംബർ 5ന് ഉച്ച കഴിഞ്ഞ് 1.30 മുതൽ 4.30 വരെ നടക്കും.

### പരീക്ഷ മാറ്റി

ഡിസംബർ 6 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം - 2017 അഡ്മിഷൻ റഗുലർ/2015 & 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

### പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് (യു.ജി. - റഗുലർ/സപ്ലിമെന്ററി/റീഅപ്പിയറൻസ് - 2013 മുതൽ അഡ്മിഷൻ) ഒക്ടോബർ 2017 പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 7,

8 തീയതികളിൽ വിവിധ കോളേജുകളിൽവച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

മൂന്നാം സെമസ്റ്റർ എം.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ജൂൺ 2017 പരീക്ഷയുടെ മിനി പ്രോജക്ട് ആന്റ് മാസ്റ്റർ തിസീസ് ഫെയ്സ് 1 പരീക്ഷ ഡിസംബർ 5ന് അസമന്നൂർ കെ.എം.പി. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പത്തനംതിട്ട മുസലിയാർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നീ കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ 2017 ഒക്ടോബർ മാസം നടത്തിയ മൂന്നും അഞ്ചും സെമസ്റ്റർ ബി.എ. മൃദംഗം (സി.ബി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ പ്രാക്ടിക്കൽ ഡിസംബർ 12 മുതൽ 14 വരെ ആർ.എൽ.വി. കോളേജിൽ വച്ച് നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ഒക്ടോബറിൽ നടന്ന അഞ്ചും മൂന്നും സെമസ്റ്റർ ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് (സി.ബി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) ബിരുദപരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 6നും 14നും അതാത് കോളേജുകളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭിക്കും.

## പരീക്ഷാഫലം

2017 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ. ക്രിമനോളജി എൽ.എൽ.ബി., ബി.ബി.എ. എൽ.എൽ.ബി. ഓണേഴ്സ്, ബി.കോം എൽ.എൽ.ബി. ഓണേഴ്സ് എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 13 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ രാം വർഷ ബി.എസ്.സി. നഴ്സിംഗ് (സപ്ലിമെന്ററി) ബിരുദപരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 12 വരെ അപേക്ഷിക്കാം.

## വാർഷിക റിപ്പോർട്ട് 2017 വിവരങ്ങൾ സമർപ്പിക്കണം

2017ലെ സർവ്വകലാശാലാ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനായി അഫിലിയേറ്റഡ് കോളേജുകൾ, സർവ്വകലാശാലാ പഠനവകുപ്പുകൾ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും വിവരശേഖരണത്തിനുള്ള മാതൃകാഫോറം ഇമെയിലായി അയച്ചിട്ടുണ്ട്. വിവരങ്ങൾ ജനുവരി 5നകം mguannualreport2017@gmail.com എന്ന വിലാസത്തിൽ ലഭ്യമാക്കണം. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിലും ലഭ്യമാണ്.

## ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ബയോസയൻസസിൽ നടത്തുന്ന DST - PURSE പ്രോജക്ടിൽ ഒരു ടെക്നിക്കൽ അസിസ്റ്റന്റിന്റെ ഒഴിവിലേക്ക് ഡിസംബർ 11 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## എറുഡേറ്റ് പ്രഭാഷണ പരമ്പര ഡിസംബർ 4 മുതൽ

സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയും സംയുക്തമായി നടത്തുന്ന എറുഡേറ്റ് പ്രഭാഷണ പരമ്പര സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് സെമിനാർ ഹാളിൽ ഡിസംബർ 4ന് ആരംഭിക്കും. അമേരിക്കയിലെ ഹൂസ്റ്റൺ യൂണിവേഴ്സിറ്റി ഫിസിക്സ് പ്രൊഫസർ ഡോ. ഉമ്മൻ കെ. വർഗ്ഗീസ് സൂര്യപ്രകാശോർജ്ജത്തിന്റെ സാദ്ധ്യതകളെപ്പറ്റിയും സോളാർ സെല്ലുകളെപ്പറ്റിയും പ്രഭാഷണം നടത്തും. പ്രോവൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സെന്റർ ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ നേതൃത്വം നൽകും. വിവരങ്ങൾക്ക് ഫോൺ: 9846960364.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**